ഉത്തരം

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിലെ കഥകളി രൂപങ്ങൾക്ക് ആടയാഭരണങ്ങൾ അണിയിച്ച് നൽകാനുള്ള പ്രവൃത്തിക്കുള്ള അനുമതി 2013 മാർച്ച് മാസത്തിലാണ് കേരള കലാമണ്ഡലത്തിന് നൽകിയത്.

(ബി) 8 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്. അടങ്കൽ തുകയുടെ പകുതി തുകയായ 4 ലക്ഷം രൂപ 2014 ജനുവരി മാസത്തിൽ കേരള കലാമണ്ഡലത്തിന് നൽകിയിട്ടുണ്ട്.

(സി) കഥകളി രൂപങ്ങളുടെ ആടയാഭരണ അലങ്കാരാദികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

ആറന്മുട് നന്ദികേശ ശിൽപ പൈതൃക ഗ്രാമം

81 (1481) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ ആറന്മുട് നന്ദികേശ ശില്പ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇത് സംബന്ധിച്ച ഫയൽ നമ്പർ ലഭ്യമാക്കുമോ ;

(ബി) ആറന്മുട്, നന്ദികേശ ശില്പ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ആറന്മുട് പടനിലം നന്ദികേശ ശിൽപ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്ന വിഷയം 6243/എ I/14/സാംകാവ ഫയലിൽ പരിശോധിച്ചു വരികയാണ്.

മിഷൻ 676-ലൂടെ സാംസ്കാരിക രംഗത്തെ പദ്ധതികൾ

82 (1482) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി :
ശ്രീ. പി. എ. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക രംഗത്ത് എന്തെല്ലാം പദ്ധതികളാണ് മിഷൻ 676-ലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

ഉത്തരം

(എ) മലയാളം അറബി സാഹിത്യോത്സവം (സാഹിത്യ അക്കാദമി), അന്തർദ്ദേശീയ കാവ്യോത്സവം (സാഹിത്യ അക്കാദമി), സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ ടെന്റ് തീയേറ്റർ പദ്ധതി, കായംകുളത്ത് കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം (ലളിതകലാ അക്കാദമി), കിളിമാനൂരിൽ രാജാരവിവർമ്മ ആർട്ട് ഗ്യാലറി (ലളിതകലാ അക്കാദമി), 14 ജില്ലകളിലും വഴിയോര ശിൽപ്പങ്ങൾ (ലളിതകലാ അക്കാദമി), കണ്ണൂരിൽ ശ്രീകണ്ഠാപുരത്ത് കലാഗ്രാമം (ലളിതകലാ അക്കാദമി), കോട്ടയം ജില്ലയിലെ വെള്ളാവൂർ ഫോക്‌ലോർ ഗ്രാമം (ഫോക്‌ലോർ അക്കാദമി), സാംസ്കാരിക നിഘണ്ടു (2 വാല്യം), ഭാഷാ നിഘണ്ടു, കമ്പ്യൂട്ടർ നിഘണ്ടു, വാദ്യകലാ നിഘണ്ടു എന്നിവയുടെ പ്രസിദ്ധീകരണം (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്), അംബേദ്കർ ഫൗണ്ടേഷന് അനുവദിച്ച അംബേദ്കർ ചെയർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്), സർവ്വവിജ്ഞാനകോശം 8-ാം വാല്യം പരിഷ്കരിച്ചതിന്റെ പ്രസിദ്ധീകരണം (സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്), വിജ്ഞാനകോശം വാല്യങ്ങളുടെ ഉള്ളടക്കം കീവേർഡ് സെർച്ചിലൂടെ വിക്കിപീഡിയ മോഡലിൽ ലഭ്യമാകുന്ന പദ്ധതി (സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്), കേരള കലാമണ്ഡലത്തിന്റെ 5 മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടി, കേരള കലാമണ്ഡലത്തിന്റെ രംഗകലാ മ്യൂസിയം പണി പൂർത്തീകരണം, മലയാളം മിഷൻ മുഖേന കേരളത്തിന് പുറത്തുള്ള മലയാളം പഠന കേന്ദ്രങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള നടപടി, മലയാളം മിഷൻ മുഖേന പുതിയതായി ഇന്ത്യയ്ക്കകത്തും പുറത്തും പുതിയ മലയാളം പഠന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന കളിയും ചിരിയും വായനയും പ്രദാനം ചെയ്യുന്ന ഇന്ററാക്ടീവ് പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, പുരാവസ്തു വകുപ്പ് മുഖേന ജില്ലാതല പൈതൃക മ്യൂസിയങ്ങളുടെ പൂർത്തീകരണം, കേന്ദ്ര സഹായത്തോടെ തിരുവനന്തപുരം കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃപ്പൂണിത്തുറ, ഹിൽ പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശി മ്യൂസിയം എന്നിവയുടെ നവീകരണ പണികൾ (പുരാവസ്തു വകുപ്പ്), മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരണം (പുരാരേഖ വകുപ്പ്), വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യസമര മെമ്മോറിയൽ (പുരാരേഖ വകുപ്പ്), തിരുവനന്തപുരത്തെ

LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയം (പുരാരേഖ വകുപ്പ്), ഭാരത് ഭവന്റെ നേതൃത്വത്തിൽ കേരളീയ കലകൾ ഇന്ത്യയ്ക്കകത്തും പുറത്തും പ്രചരിപ്പിക്കുന്നതിന് വിപുലമായ പദ്ധതികൾ, വൈക്കം സത്യാഗ്രഹ മ്യൂസിയവും ഗാന്ധി പ്രതിമയും വൈക്കത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി (പുരാരേഖ വകുപ്പ്), തകഴി സ്മാരകത്തിന്റെ പുതിയ കെട്ടിടം പണി പൂർത്തീകരണം എന്നീ പദ്ധതികളാണ് മിഷൻ 676-ൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്നത്.

(ബി&സി) മിഷൻ 676-ലൂടെ താഴെ പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് :

1. മലയാളം അറബി സാഹിത്യോത്സവം
2. ടെന്റ് തീയേറ്റർ പദ്ധതി
3. കായംകുളത്ത് കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം നിർമ്മാണം
4. കിളിമാനൂരിൽ രാജാരവിവർമ്മ ആർട്ട് ഗ്യാലറി നിർമ്മാണം
5. സാംസ്കാരിക നിഘണ്ടു (2 വാല്യം), ഭാഷാ നിഘണ്ടു എന്നിവയുടെ പ്രസിദ്ധീകരണം
6. സർവ്വവിജ്ഞാനകോശം 8-ാം വാല്യം പരിഷ്കരിച്ചത് പുറത്തിറക്കി
7. നോളഡ്ജ് വെബ് റിപ്പോസിറ്ററി പൈലറ്റ് പ്രോജക്ട്
8. കേരള കലാമണ്ഡലത്തിന്റെ 5 മേഖലാ കേന്ദ്രങ്ങൾ ആരംഭിച്ചു
9. രംഗകലാ മ്യൂസിയത്തിന്റെ കെട്ടിടം പണി പൂർത്തീകരിച്ചു
10. മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരിച്ചു
11. ഭാരത് ഭവന്റെ നേതൃത്വത്തിൽ പൂനെ, ഹരിയാന, മൈസൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ കേരളോത്സവം സംഘടിപ്പിച്ചു.

കൂടാതെ ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ ശ്രീകണ്ഠാപുരത്ത് കലാഗ്രാമം സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും കെട്ടിട നിർമ്മാണത്തിന് KITCO-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കോട്ടയം ജില്ലയിലെ വെള്ളാവൂർ ഫോക്‌ലോർ ഗ്രാമത്തിന് ഭരണാനുമതിയും സാങ്കേതിക അനുവാദവും ലഭിച്ച് എഗ്രിമെന്റുവച്ച് പ്രവൃത്തി ഇടങ്ങിയിട്ടുണ്ട്. നിലവിൽ പഠനപ്രവർത്തനങ്ങൾ നടന്നുവരുന്ന കേന്ദ്രങ്ങൾക്ക് പുറമേ ഇന്ത്യയ്ക്കകത്തും പുറത്തും മലയാളം മിഷൻ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വരുന്നുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഇന്ററാക്ടീവ് പുസ്തകങ്ങളുടെ സ്ക്രിപ്റ്റ് തയ്യാറാക്കി പുസ്തകം പ്രസിദ്ധീകരിക്കുന്ന നടപടി പൂർത്തീകരിച്ചുവരികയാണ്. പുരാരേഖ വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പുരാരേഖ വകുപ്പിന്റെ കീഴിലുള്ള വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യസമര മെമ്മോറിയൽ നിർമ്മാണം അന്തിമഘട്ടത്തിലാണ്. പുരാവസ്തു വകുപ്പിന്റെ കീഴിൽ എറണാകുളം, തൃശ്ശൂർ, വയനാട്, തിരുവനന്തപുരം എന്നീ ജില്ലാതല മ്യൂസിയങ്ങളുടെ നിർമ്മാണ പദ്ധതികളും കേന്ദ്രസഹായത്തോടെ നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, ഹിൽപാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ നവീകരണ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. മറ്റ് പദ്ധതികളുടെ രൂപരേഖ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ളതും ആയത് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരികയുമാണ്.

രാജാരവിവർമ്മ സ്മാരക നിർമ്മാണം

83 (1483) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിനായി ലളിതകലാ അക്കാദമി ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ബി) ഏത് ഏജൻസിയാണ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതെന്നും ഇതുവരെ ഏതെല്ലാം തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ള തെന്നും വിശദമാക്കാമോ ;

(സി) കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് സാംസ്കാരിക വകുപ്പോ ലളിതകലാ അക്കാദമിയോ രൂപാർശ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ഡി) സ്മാരകത്തെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി കേരള ലളിതകലാ അക്കാദമിയുടെ പദ്ധതി വിഹിതത്തിൽനിന്നും 1,26,81,213 രൂപയും ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly